**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 658</u>** **<u>11-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കെ-സ്വിഫ്റ്റിലൂടെയുള്ള അപേക്ഷ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഏതെല്ലാം സ്ഥലങ്ങളിൽ സംരംഭം ആരംഭിക്കുന്നവർക്കാണ് കെ-സ്വിഫ്റ്റിലൂടെ അപേക്ഷിക്കാൻ അർഹത ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ; | (എ) | 2019-ലെ കേരളാ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലോ (2008 ലെ 28); 1960 ലെ കേരള സ്റ്റേറ്റ് ലാൻഡ് അസൈൻമെന്റ് ആക്ടിലോ, ടി ആക്ടുകൾക്ക് കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായോ ഒരു ഭൂമി ഉപയോഗിക്കുന്നതിന്, കൈപ്പറ്റ് സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ലാത്തതും; 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ (2016-ലെ 9) കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർപ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യത്തിലുള്ളിടത്ത്, വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഒരാളെ പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിന് അർഹനാക്കുന്നതല്ലാത്തതുമാകുന്നു. |
| (ബി) | എത്ര കോടിയിൽ താഴെ നിക്ഷേപമുള്ള സംരംഭങ്ങളാണ് മുൻകൂർ ലൈസൻസ് ഇല്ലാതെ ആരംഭിക്കാൻ കഴിയുക എന്ന് അറിയിക്കാമോ? | (ബി) | 2006 ലെ സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ വികസന ആക്ട് പ്രകാരം നിർവചിക്കപ്പെട്ട പ്രകാരമുള്ള 50 കോടിയിൽ താഴെ നിക്ഷേപമുള്ളതും 250 കോടി രൂപയിൽ താഴെ ടേൺ ഓവർ ഉള്ളതുമായ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ "ചുവപ്പ്" വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക്; The Kerala Micro Small And Medium Enterprises Facilitation Act-2019 & Rules-2020 പ്രകാരം KSWIFT പോർട്ടൽ മുഖേന കൈപ്പറ്റ് സാക്ഷ്യപത്രം ലഭിക്കുകയും ചെയ്താൽ മുൻകൂർ ലൈസൻസ് ഇല്ലാതെ ആരംഭിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ